പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4501 28.06.2012 ൽ മറുപടിക്ക്

# റോഡുകളുടെയും പാലങ്ങളുടേയും നിർമ്മാണവും അറ്റകുറ്റപ്പണിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) റോഡുകളുടെയും പാലങ്ങളുടേയും നിർമ്മാണങ്ങൾക്കും അറ്റകുറ്റപ്പണികൾക്കുമായി ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തി 2011-12 വർഷത്തിൽ എഎസ് നൽകിയെന്നു പറയാമോ; അതിൽ എത്ര ലക്ഷം രൂപ വിതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;<br><br>ബി) എ. എസ് നൽകിയ തുകയുടേയും, ചെലവഴിച്ച തുകയുടേയും വിവരങ്ങൾ പദ്ധതി തിരിച്ചും, ജില്ല തിരിച്ചുമുളള കണക്ക് വെളിപ്പെടുത്താമോ? | (എ) & (ബി)<br>(i) നിരത്തുകളും പാലങ്ങളും വിഭാഗം<br>പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 1300.00 കോടി രൂപയ്ക്കും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന പ്രവൃത്തികൾക്ക് 599.82 കോടി രൂപയ്ക്കും ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയിതര പ്രവൃത്തിയിലുൾപ്പെടുത്തി 664.50 കോടി രൂപയ്ക്കും കോർപ്പറേഷൻ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 157.90 കോടി രൂപയ്ക്കും ശബരിമല റോഡുകൾക്കായി 63.60 കോടി രൂപയ്ക്കുമുള്ള പ്രവൃത്തികൾക്ക് 2011-12 വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>2011-2012 സാമ്പത്തിക വർഷത്തിൽ റോഡുകളുടെയും പാലങ്ങളുടേയും നിർമ്മാണങ്ങൾക്കായി പദ്ധതി ഇനത്തിൽ 108197.00 ലക്ഷം രൂപയും അറ്റകുറ്റപ്പണികൾക്കായി പദ്ധതിയേതര ഇനത്തിൽ 60458.00 ലക്ഷം രൂപയും ചിലവഴിക്കുകയുണ്ടായി. 2011-12 സാമ്പത്തിക വർഷത്തിലുണ്ടായ മുഴുവൻ ചെലവുകളും ആ വർഷം ഭരണാനുമതി ലഭിച്ചവ മാത്രമായിരുന്നില്ല. കോടതി നിർദ്ദേശ പ്രകാരമുള്ള സ്റ്റേറ്റ് ലെവൽ സീനിയോറിറ്റി പ്രകാരം നൽകിയ പേയ്മെന്റുൾപ്പെടുന്നതാണ് ചെലവായികാണിച്ചിരിയ്ക്കുന്നത്. |

ഭരണാനുമതി നല്കിയ പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള പട്ടികയും ചെലവഴിച്ച തുകയുടെ കണക്കും അനുബന്ധം (2,3) ആയി ചേർത്തിരിക്കുന്നു.

(ii) കെ.എസ്.ടി.പി

കെ.എസ്.ടി.പി.ക്ക് 2011-12 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ നിന്ന് 225.26 കോടി രൂപയുടെ എ.എസ്. നൽകി. ഇതിൽ 12.10 കോടി രൂപ ഇതുവരെ ചെലവഴിച്ചു. നിർമ്മാണ പ്രവൃത്തികൾ നടന്നു വരികയാണ്.

(iii) ദേശീയപാത വിഭാഗം

ദേശീയപാത വിഭാഗത്തിൽ റോഡുകൾക്കും പാലങ്ങൾക്കും ആയി 154.59 കോടി രൂപയുടെ ഭരണാനുമതി കേന്ദ്ര റോഡുഗതാഗത വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിൽ നിന്നും മേൽ പ്രവൃത്തികൾക്കായി 63.69 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**